# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി5/421/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 21/04/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-14, 1-15, 1-17, 1-18, 1-19 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി5/421/2021 തീയ്യതി: 21/04/2021

## കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-10-2019 മുതൽ 20-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശശികുമാർ.എം.പി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 08-03-2021 | 20-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-03-2021 | 20-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീമതി.രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2) ശ്രീമതി.ഉഷ.എ), അസി.ഓഡിറ്റ് ഓഫീസർ

3)ശ്രീമതി.നിഷ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
4)ശ്രീമതി.ധനഎ്യ.എം.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.നാരായണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഷംസുദ്ദീൻ.കെ.ബി. | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രശോഭ്.എൻ.വി | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.പ്രസന്നൻ.എൻ.വി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഷാഹിന ഭായ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ജീജ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 03-12-2019 |
| ഡോ.ഇ.വി.സുധീർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 04-12-2019 | 31-03-2020 |
| ഡോ.പ്രേം കുമാർ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീ.മനോജ്.കുമാർ എ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.നളിനി.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 19-10-2019 |
| ശ്രീമതി.ബബിത.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20-10-2019 | 31-03-2020 |
| ശ്രീമതി.രാജശ്രീ.സി.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.പത്മജ.എ | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 19-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Remani Kizhakkeel (Audit Officer, On 19-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-04-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 19-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-04-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 19-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-04-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Nisha K (Senior Grade Auditor, On 21-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 31-03-2021) | 1-8 |
| 9 | അഭ്യന്തര നിയന്ത്രണം<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 31-03-2021) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-04-2021) | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയിതായിട്ടുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Dhanya.M.V (Auditor, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 1-12 |
| 13 | ഇടെണ്ടർ- ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല<br>Written By: Usha.A (Asst. Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 1-13 |
| 14 | സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Dhanya.M.V (Auditor, On 20-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 1-14 |
| 15 | പാൽ വിതരണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചു<br>Written By: Nisha K (Senior Grade Auditor, On 20-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 1-15 |
| 16 | അതുല്യം പദ്ധതി -രേഖകൾ ഹാജരാക്കിയില്ല | 1-16 |

| | | |
|---|---|---|
| | Written By: Dhanya.M.V (Auditor, On 20-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | |
| 17 | വെറ്റിനറി സർജൻ നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതികൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല - 1,44,718 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.<br>Written By: Nisha K (Senior Grade Auditor, On 20-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 1-17 |
| 18 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് കറവപ്പശുവിനെ നൽകി - ₹27,000 തടസ്സപ്പെടുത്തുന്നു<br>Written By: Nisha K (Senior Grade Auditor, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-04-2021) | 1-18 |
| 19 | പർച്ചേസ് കമ്മറ്റി റിപ്പോർട്ടിൽ ഉരുക്കളുടെ / ആടുകളുടെ വില പരാമർശിക്കുന്നില്ല<br>Written By: Nisha K (Senior Grade Auditor, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-04-2021) | 1-19 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-04-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 21-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 21-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 21-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-04-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-04-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-04-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Remani Kizhakkeel (Audit Officer, On 21-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-04-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

ബജറ്റ് 21-02-2019 തീയതിയിലെ 52/19 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 24-03-2020 തീയതിയിലെ 86(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 20909092 | 33175890.27 |
| വരവ് | 231148847 | 209224115 |
| ആകെ | 252057939 | 222400005.27 |
| ചെലവ് | 238397597 | 221490913 |
| നീക്കിയിരിപ്പ് | 13660342 | 20909092 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2020 | 02-06-2020 | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33175890.27 |
| വരവ് | 134690864 |
| ആകെ | 167866754.27 |
| ചെലവ് | 127996452 |
| നീക്കിയിരിപ്പ് | 39870302.27 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,71,718 |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- (ജനറൽ) | 0 | 1,81,14,100 | 1,81,14,100 | 1,45,19,388 | 35,94,712 |
| വികസന ഫണ്ട്- | 0 | 78,09,000 | 78,09,000 | 49,47,489 | 28,61,511 |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,00,40,000 | 1,00,40,000 | 5741,775 | 42,98,225 |
| മെയിന്റനൻസ്ഗ്രാന്റ്-റോഡ് | 0 | 55,00,000 | 55,00,000 | 19,64,692 | 35,35,308 |
| മെയിന്റനൻസ്ഗ്രാന്റ്-നോൺ റോഡ് | 0 | 44,75,000 | 44,75,000 | 30,60,254 | 14,14,746 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. തൊഴിലാളികളുടെ കൂലി | 0 | 1,00,63,772 | 1,00,63,772 | 1,00,63,772 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 6,09,270 | 6,09,270 | 6,09,270 | 0 |
| ജോയിന്റ് വെഞ്ചർ | | | | | |
| ജില്ലാ പഞ്ചായത്ത് | 0 | 13,12,131 | 13,12,131 | 13,12,131 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 30,101 | 52,91,600 | 53,21,701 | 49,10,650<br><br>(27,41,296/-(തിരിച്ചടച്ച തുക) | 4,11,051 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| കുടുംബശ്രീ (ബഡ്സ് സ്കൂൾ) | 0 | 4,08,190 | 4,08,190 | 4,08,190 | 0 |
| കേരളോൽസവം | 0 | 20,000 | 20,000 | 20,000 | 0 |
| ലൈബ്രറി ഗ്രാന്റ് | 0 | 31,520 | 31,520 | 23,520 | 8,000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ സി ഡി എസ് സെൻട്രൽ ഷെയർ | 0 | 8,77,192 | 8,77,192 | 8,77,192 | 0 |

വികസന ഫണ്ട് (ജനറൽ), എസ്.സി.പി.ധനകാര്യ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് എന്നിവയിൽ ബാക്കിയായ തുക മുഴുവനും ക്യൂ ബില്ലായതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 98121052 | 140 | 51155762 | 0 | 12 | |

L. തൻവർഷം ഡി പി സി അംഗീകാരം ലഭിച്ച 152 പ്രോജക്ടുകളിൽ 140 എണ്ണം നടപ്പിലാക്കി.

അലോട്ട്മെൻറായി ലഭിച്ച തുകയിൽ ലാപ്സായ തുക മുഴുവനും തുക ക്യൂബിൽ തുകയാണ് . വിശദവിവരം ഖ.1-4 കാണുക.

വർക്കിംഗ് ഗ്രൂപ്പ്

പഞ്ചായത്തിലെ 13വർക്കിംഗ് ഗ്രൂപ്പുകളും തൻവർഷം 3തവണ യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുവാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഭാവിയിൽ ഇത്തരം വീഴ്ച്ചകൾ ഒഴിവാക്കേണ്ടതാണ്.

ഗ്രാമസഭ

പഞ്ചായത്തിലെ 20 വാർഡുകളിലും 4തവണ ഗ്രാമ സഭാ യോഗം വിളിച്ച് ചേർത്തിട്ടുണ്ട്.ഗ്രാമ സഭയിൽ മിക്കവാറും എല്ലാ വിഷയങ്ങളും ചർച്ചാവിധേയമായിട്ടുണ്ട്.വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ ,

ന്യൂനതകൾ,പരിഹാരങ്ങൾ, സമാഹൃത റിപ്പോർട്ട് എന്നിവയും ഗ്രാമ സഭാ യോഗത്തിൽ അവതരിപ്പിച്ചിട്ടുണ്ട്.എല്ലാ ഗ്രാമ സഭകളിലും നല്ല ജന പങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

അവസ്ഥാ രേഖ

പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന വിധം അവസ്ഥാ രേഖ തയ്യാറാക്കിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1. | സെക്രട്ടറി | 21 | 16 | 11528065 | 5528667 |
| 2 | അസി. എഞ്ചിനീയർ | 70 | 67 | 53079887 | 20901328 |
| 3 | കൃഷി ഓഫീസർ | 8 | 8 | 3464390 | 3301729 |
| 4 | മെഡിക്കൽ ഓഫീസർ സി എച്ച് സി | 4 | 4 | 1048000 | 944252 |
| 5 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 2 | 848000 | 800000 |
| 6 | വെറ്റിനറി സർജൻ | 13 | 13 | 23653517 | 2194715 |
| 7 | ഹെഡ് മാസ്റ്റർ | 11 | 9 | 6396525 | 4991399 |
| 8 | അസി.സെക്രട്ടറി | 1 | 1 | 1275000 | 1082600 |
| 9 | വി ഇ ഒ | 13 | 13 | 12070178 | 7361115 |
| 10 | ഐ സിഡി എസ് | 8 | 7 | 4757490 | 4049957 |
|  | ആകെ | 152 | 140 | 98121052 | 51155762 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 609270 | 609270 | 609270 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10063772 | 10063772 | 10063772 | 0 |
| ആകെ | 0 | 10673042 | 10673042 | 10673042 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19680 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 1027800 | 295 |
| വിധവാപെൻഷൻ | 3929400 | 1115 |
| വാർദ്ധക്യകാലപെൻഷൻ | 9682200 | 2780 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 1187700 | 332 |
| വിവാഹ ധനസഹായം | 300000 | 10 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 509400 | 146 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-03-2021 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,503 (പതിനാറായിരത്തി അഞ്ഞൂറ്റി മൂന്ന് ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. എല്ലാ മാസങ്ങളിലും ജീവനക്കാരുടെ യോഗം ചേർന്ന് ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും നികുതി പിരിവ്, ഫ്രണ്ട് ഓഫീസ് പ്രവർത്തനം പെൻഡിംഗ് ഫയലുകൾ തീർപ്പാക്കൽ തുടങ്ങി വിവിധ വിഷയങ്ങൾ സംബന്ധിച്ച് ജീവനക്കാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. രജിസ്റ്ററുകളും രേഖകളും കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുകയും ഓഡിറ്റിനായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പൗരാരാവകാശ രേഖ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭരണ സമിതി മീറ്റിംഗുകളിൽ വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയിതിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്

| അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-02-2021,23-02-2021 | 1/2021 | 27-02-2021 |
| | | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-12-20 മുതൽ19-01-2021 വരെ | 2015-16 2019-2020 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1) അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്തമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2) ക്യൂ ബില്ലായ തുകകൾ ബാലൻസ്ഷീറ്റിൽ ലയബിലിറ്റിയായി കാണിച്ചിട്ടില്ല.

## 1-12 തൊഴിൽ നികുതി ഈടാക്കിയിതായിട്ടുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

2019-20 വർഷം താഴെ പറയുന്നവർ 60 ദിവസം പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്തിട്ടുണ്ടെങ്കിലും ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിതായിട്ടുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പേര് | തസ്തിക | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|---|
| 1 | അക്സാസ് ഡി | പ്രിവന്റീവ് ഓഫീസർ | എക്സൈസ് റേഞ്ച് ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 2 | നവ്യ കെ | എൽ.ഡി.സി | ഇ.എസ്.ഐ. കോർപറേഷൻ | രണ്ടാംഅർദ്ധവർഷം |
| 3 | ഡോ. റീജ | മെഡിക്കൽ ഓഫീസർ | ഗവ.ആയുർവ്വേദ ഡിസ്പെൻസറി | രണ്ടാം അർദ്ധവർഷം |
| 4 | ബീന പി.വി | സി.ആർ സി കോർഡിനേറ്റർ | ബ്ലോക്ക് പ്രോഗ്രാം ഓഫീസ് | ഒന്നാം അർദ്ധവർഷം |
| 5 | ദിനേശ് ബാബു എം.വി | ട്രയിനർ | ബ്ലോക്ക് പ്രോഗ്രാം ഓഫീസ് | ഒന്നാം അർദ്ധവർഷം |
| 6 | ശരണ്യ കെ.കെ | - | ബ്ലോക്ക് പ്രോഗ്രാം ഓഫീസ് | ഒന്നാം അർദ്ധവർഷം |
| 7 | സിന്ധു പി.കെ | എച്ച്.എസ്.എ | ഇ.എം.എസ് സ്മാരക ഹയർ സെക്കണ്ടറി സ്കൂൾ | രണ്ടാം അർദ്ധവർഷം |
| 8 | അമർ ദീപ്തി വി.ടി.കെ | എച്ച്.എസ്.എ | ഇ.എം.എസ് സ്മാരക ഹയർ സെക്കണ്ടറി സ്കൂൾ | രണ്ടാം അർദ്ധവർഷം |
| 9 | രചന സി.പി | എച്ച്.എസ്.എ | ഇ.എം.എസ് സ്മാരക ഹയർ | രണ്ടാം അർദ്ധവർഷം |

| | | | | |
|---|---|---|---|---|
| | | | സെക്കണ്ടറി സ്കൂൾ | |
| 10 | കെ അനിൽ കുമാർ | പ്യൂൺ | കോപറേറ്റീവ് റൂറൽ ബാങ്ക് മാങ്കടവ് ബ്രാഞ്ച് | രണ്ടാം അർദ്ധവർഷം |
| 11 | നിവേദിത എം.കെ | അസി. മാനേജർ | ഇന്ത്യൻ ബാങ്ക്, പാപ്പിനിശ്ശേരി ബ്രാഞ്ച് | രണ്ടാം അർദ്ധവർഷം |

ഇത് സംബന്ധിച്ച് 18-03-21 ന് നൽകിയ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മേൽ പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിവരം ലഭ്യമാക്കുമെന്നറിയിച്ചിട്ടുണ്ട്. ആയത് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 ഇടെണ്ടർ- ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ ടെണ്ടറുകളുടെ, ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ആയത് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് 18-03-21ന് നൽകിയ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിലെ ഇ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്തിൽ നിന്നും ഡാറ്റാ കളക്ട് ചെയ്തു വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 2018-19 മുതൽ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ.യുടെ അക്കൗണ്ട് മാപ്പ് ചെയ്തിട്ടുള്ളതാണെന്നും ആയത് മുതൽ ഇ ടെണ്ടർ ഫീസ് പ്രസ്തുത ബാങ്ക് അക്കൗണ്ടിലേക്ക് വരവ് വരുന്നുണ്ടെന്നും അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. 2015-16 മുതൽ 2017-18 വരെയുള്ള തുകകൾ തിരികെ ലഭിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-14 സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

2019-20 ലെ ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | ആധാർ നമ്പർ | പെൻഷണർ ഐ ഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| 1 | പാളത്ത് കല്ല്യാണി | 777268448756 | 111120202885 | 30-1-19 | 4/19 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| 2 | ടി കെ അബ്ദുൾ റഹീം | 630906627128 | 111120201632 | 5-2-19 | " |
| 3 | പി.കെ കുഞ്ഞിരാമൻ | 843228230291 | 111120202148 | 11-2-19 | " |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 4 | ബാലൻ എം | 446358842119 | 111120201319 | 13-2-19 | " |
| 5 | പണ്ണേരി ദേവകി | 544589515748 | 111120100115 | 11-2-19 | " |
| 6 | ഇ.എൻ മീനാക്ഷി | 553000064575 | 111100202701 | 10-3-19 | " |
| 7 | അച്ചുതൻ എം | 437008274690 | 111120200549 | 20-3-19 | " |
| 8 | അമ്മു കെ.പി | 461689208585 | 109850201664 | 14-5-19 | 7/19വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്.ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതിരുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ക്ഷേമപെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട തീയതിക്കു ശേഷം വിതരണം ചെയ്യപ്പെടുന്ന പെൻഷൻ അവകാശികൾക്ക് നല്കാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ പെൻഷണർ ജീവിച്ചിരുന്ന കാലഘട്ടത്തിൽ വരുന്നതും മരണപ്പെട്ടതിനു ശേഷം വിതരണം ചെയ്തതുമായ പെൻഷൻ അവകാശികൾക്ക് നല്കിയതും ശരിയല്ല. ഇത് സംബന്ധിച്ച്17-03-21 ന് നൽകിയ 10 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ തുക തിരിച്ച് പിടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിട്ടിച്ചിട്ടുണ്ട്. നല്കിയ തുക തിരിച്ചു പിടിച്ച് ഡിബിടി സെല്ലിലേക്ക് തിരിച്ചടക്കേണ്ടതും മുഴുവൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ പരിശോധിച്ച് ഈ രീതിയിലുള്ള അപാകങ്ങൾ സംഭവിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-15 പാൽ വിതരണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചു

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ വിവിധ പദ്ധതിയിൽ പാപ്പിനിശ്ശേരി കോ-ഓപ്പറേറ്റീവ് മിൽക്ക് സൊസൈറ്റിയാണ് പാൽ വിതരണം നടത്തിയത്. 2019-20 കാലയളവിൽ ലിറ്ററിന് 46 രൂപയ്ക്ക് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പാൽ ലഭ്യമാകുമെന്നിരിക്കെ 2019 സെപ്റ്റംബർ വരെ 48 രൂപയ്ക്കും ഒക്ടോബർ മുതൽ 53 രൂപയ്ക്കും ആണ് പാൽ വിതരണം ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. / പേര് | കാലയളവ് | അളവ് (ലിറ്റർ) /തുക | അനുവദിച്ച തുക |
|---|---|---|---|
| 19/20 – അംഗൻവാടി പോഷണം | 04/19 മുതൽ 06/19 വരെ | 1589 @48രൂപ | 76272 |
| | 07/19 മുതൽ 09/19 വരെ | 1338.5 @48 രൂപ | 64248 |
| | 10/19 മുതൽ 12/19 വരെ | 1637 @53 രൂപ | 86761 |
| | 01/20മുതൽ 3/20 വരെ | 1332 @53 രൂപ | 70596 |
| 65/20 നഴ്സറി സ്കൂൾ | 06/19 മുതൽ | 508 @ 48 | 24384 |

| | | | |
|---|---|---|---|
| പോഷണം | 09/19 വരെ | രൂപ | |
| | 10/19 മുതൽ 3/20 വരെ | 808 @53 രൂപ | 42824 |

മാർക്കറ്റ് നിരക്കിനേക്കാൾ കൂടുതൽ തുകയ്ക്ക് പാൽ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/18.3.2021 ന് മാർക്കറ്റ് വിലയേക്കാൾ അധികമായി ഈടാക്കിയ തുക തിരികെ കൈമാറുവാൻ പാപ്പിനിശ്ശേരി സഹകരണ പാൽ സൊസൈറ്റി സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

അധികം നൽകിയ തുക പാപ്പിനിശ്ശേരി സഹകരണ പാൽ സൊസൈറ്റിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 അതുല്യം പദ്ധതി -രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രോജക്ടിന്റെ പേര് - അതുല്യം പദ്ധതി

പ്രോജക്ട് നം -2/2019-20

അടങ്കൽ - 100000 (തനത് ഫണ്ട്)

ചെലവ് - 61550

ചെക്ക് നം.- 0020981/13.3.20/30800

0020983/13.3.20/15750

0020985/13.3.20/10000

0020986/13.3.20/5000

2019-20 വർഷം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ അതുല്യം പദ്ധതിയുടെ ഭാഗമായി 29 കുട്ടികൾക്ക് വേണ്ടി തുല്യതാ കോഴ്സ്, ഭാഷാ കോഴ്സ് എന്നിവയുടെ ഫീസിനത്തിനായി 61,550/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടത്തിപ്പ് സംബന്ധിച്ച് രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (പ്ലസ് വൺ 8x2200=17600, പ്ലസ് ടു 6x2200=13200, പത്താംതരം 1750x9=15750, ഗുഡ് ഇംഗ്ലീഷ് 4x2500= 10000, അച്ഛി ഹിന്ദി 2x2500=5000). ഇതു സംബന്ധിച്ച് നൽകിയ 16-03-21 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 8 ന് മറുപടിയായി കോവിഡ് -19 ന്റെ സാഹചര്യത്തിൽ പരീക്ഷ ഇതുവരെയായും നടന്നിട്ടില്ലായെന്നും കോഴ്സ് പൂർത്തീകരിക്കുന്ന മുറക്ക് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നുമാണ് അറിയിച്ചത്. രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-17 വെറ്റിനറി സർജൻ നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതികൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല - 1,44,718 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

വെറ്റിനറി സർജൻ നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| 1 | പ്രോജക്ട് നം. - S0099/20<br>പ്രോജക്ടിന്റെ പേര് - പാലിന് സബ്സിഡി<br>അടങ്കൽ - 1,24,718/- രൂപ<br>ചെലവ് - 1,24,718/- രൂപ<br>ബിൽ നം. & തീയതി - 5/19-20 /16.7.19 –56,069/- രൂപ<br>6/19-20/16.7.19 – 68,649/- രൂപ<br>1,24,718/- രൂപ |
| 2 | പ്രോജക്ട് നം. - S0101/20<br>പ്രോജക്ടിന്റെ പേര് - കാടക്കോഴി വിതരണം |

അടങ്കൽ - 20,000/- രൂപ

ചെലവ് - 20,000/- രൂപ

ബിൽ നം. & തീയതി - 4/19-20 /16.7.19

മേൽ പദ്ധതികൾ, ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/20.3.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 1,44,718/- (1,24,718 + 20,000) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് കറവപ്പശുവിനെ നൽകി - ₹27,000 തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്ട് നം. - S0024/20

പ്രോജക്ടിന്റെ പേര് - കറവപശു വിതരണം

അടങ്കൽ - 2,16,000 (വികസന ഫണ്ട്)

81,000 (തനത് ഫണ്ട്)

2,97,000 (മറ്റുള്ളവ)

-------------

5,94,000

ചെലവ് - 2,16,000 (വികസന ഫണ്ട്)

ബിൽ നം. & തീയതി 7/19-20 / 21.1.20 - 1,62,000

15/19-20 /13.3.20 – 54,000

കറവപ്പശുക്കളെ ഗുണഭോക്താക്കൾക്ക് വാങ്ങി നൽകുകയും സബ്സിഡി വിൽപനക്കാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുകയും ചെയ്യുന്നതാണ് പ്രോജക്ട്. ടി പദ്ധതിയിൽ 8 ഗുണഭോക്താക്കൾക്ക് കറവപ്പശുക്കളെ പർച്ചേസ് കമ്മറ്റി വാങ്ങി നൽകിയതിൽ ശ്രീ.മുഹമ്മദ് ബഷീർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാളാണ്.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/20.3.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ ഗുണഭോക്താവിന് ധനസഹായമായി അനുവദിച്ച 27,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 പർച്ചേസ് കമ്മറ്റി റിപ്പോർട്ടിൽ ഉരുക്കളുടെ / ആടുകളുടെ വില പരാമർശിക്കുന്നില്ല

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിൽ (കറവ പശു വിതരണം, ആട് വിതരണം എന്നിവ) ഉരുക്കളെ/ ആടുകളെ നേരിട്ട് കണ്ട് ബോധ്യപ്പെട്ടുവെന്നും വില പേശി വാങ്ങിയിരിക്കുന്നുവെന്നും ഉരുക്കൾ/ ആടുകൾ നിശ്ചിത മാനദണ്ഡം പ്രകാരമുള്ളവയും വില ന്യായവും യുക്തവുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു എന്ന് മാത്രമാണ് പർച്ചേസ് കമ്മറ്റി റിപ്പോർട്ടിൽ പറയുന്നത്. വിലപേശി വാങ്ങിയ ഉരുക്കളുടെ / ആടുകളുടെ വില പരാമർശിക്കുന്നതേയില്ല.

വിൽപ്പനക്കാരൻ നൽകിയ വിലയും വിലപേശി ഉറപ്പിച്ചതിനു ശേഷമുള്ള വില വിവരവും പർച്ചേസ് കമ്മിറ്റി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|
| 2019-2020 | 10-03-2021, 12-03-2021 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.5/421/04-2021. |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | | | | | |
| | 2019-20 | 49056 | പാലിന് സബ്സിഡി | 49056 | | 0 |
| | | 150000 | പാലിയേറ്റീവ് കെയർ | 150000 | | 0 |
| | | 1044600 | സ്കോളർഷിപ്പ് | 1044600 | | 0 |
| | | 68475 | പച്ചക്കറി കൃഷി കൂലി ചെലവ് | 68475 | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 340000 | നെൽ കൃഷി കൂലിചെലവ് | 323054 | 16946 | 0 |
| | | 34000 | പച്ചക്കറി കൃഷി കൂലിചെലവ് | 34000 | 0 | 0 |
| | | 260000 | പാലിന് സബ്സിഡി | 260000 | 0 | |
| | | 500000 | അംഗൻവാടി പോഷകാഹാരം | 500000 | 0 | 0 |
| | | 600000 | സ്കോളർഷിപ്പ് | 600000 | 0 | |
| | | 150000 | പാലിയേറ്റീവ് കെയർ | 150000 | 0 | 0 |
| | | 2000000 | ലൈഫ് (ജനറൽ) | 300000 | | |
| | | 383250 | | 0 | 0 | 383250 |
| | | 1024350 | ലൈഫ് (പട്ടിക ജാതി) | 1024350 | 0 | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 40000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 40000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 40000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്മെൻറ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 207/23-11-2004 | ഷെയർ സർട്ടിഫിക്കറ്റ് | 20000 |
| 2 | കണ്ണൂർ സഹകരണ ഹോസ്പിറ്റൽ സൊസൈറ്റി | 15/19-06-2015 | ഷെയർ സർട്ടിഫിക്കറ്റ് | 20000 |
| ആകെ | | | | 40000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 12,877/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-5 | 1506 | രാമകൃഷ്ണൻ (സെക്രട്ടറി) | 119030100087 |
| | “ | 1063 | ജനേഷ്.ഇ (അക്കൗണ്ടന്റ്) | 119030100088 |
| | “ | 868 | ബലരാമൻ.എൻ വി | 119030100089 |
| | ‘ | 1063 | ജിപ്സൺ.കെ | 119030100090 |
| | “ | 2495 | ദിനേശൻ.ഒ.പി | 119030100099 |
| | “ | 992 | ഷൈനി.സി.സി | 119030100119 |
| | “ | 1775 | പുഷ്പ.വി | 119030100145 |
| | “ | 904 | നിർമ്മല.ടി.പി | 119030100266 |
| | “ | 1775 | നിസാർ.കെ.പി | 119030100272 |
| | “ | 436 | വേണു.പി.കെ | 119030100316 |
| | ആകെ | 12877 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | മറുപടി നൽകി |
| 2014-15 | 2-2 | 2016-17 | അനുബന്ധം | വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല. | പൂർണ്ണമായി പിരിച്ചെടുത്തതും മറുപടി നൽകിയതുമാണ് |
| 2016-17 | 2-5 | 2017-18 | 8 | വസ്തു നികുതി | മറുപടി നൽകി |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 134690864 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 127996452 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 171718 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 144718 | ഡോ.പ്രേം കുമാർ, വെറ്റിനറി സർജൻ |
| 1-18 | 27000 | ഡോ.പ്രേം കുമാർ, വെറ്റിനറി സർജൻ |
| ആകെ | 171718 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.പ്രേം കുമാർ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, പാപ്പിനിശ്ശേരി | ഡോ.പ്രേം കുമാർ.എം, ലക്ഷ്യ നിവാസ്, |

| | | |
|---|---|---|
| | ഗ്രാമ പഞ്ചായത്ത് | അംഗമസാല, തൃപ്പാലൂർ,<br>കുണിശ്ശേരി.പി.ഒ,<br>പാലക്കാട്. |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെഎസ്എ/കെ എൻആർ/സി5/ 770/19/13-06-19 | 1 | |
| 2000-01 | കെഎസ്എ/കെ എൻആർ/സി5/ 770/19/13-06-19 | 3 | |
| 2001-02 | കെഎസ്എ/കെഎൻആർ/സി5/ 770/19/13-06-19 | 2 | |
| 2002-03 | കെഎസ്എ/കെഎൻആർ/സി5/ 770/19/13-06-19 | 9 | |
| 2003-04 | കെഎസ്എ/കെഎൻആർ/സി5/ 770/19/13-06-19 | 3 | |
| 2004-05 | കെഎസ്എ/കെഎൻആർ/സി5/ 770/19/13-06-19 | 2 | |
| 2005-06 | കെഎസ്എ/കെഎൻആർ/സി5/ 770/19/13-06-19 | 1 | |
| 2006-07 | കെഎസ്എ/കെഎൻആർ/സി5/ 770/19/13-06-19 | 1 | |
| 2007-08 | കെഎസ്എ/കെഎൻആർ/സി5/ 770/19/13-06-19 | 1 | |
| 2009-10 | കെഎസ്എ/കെഎൻആർ/സി5/ 770/19/13-06-19 | 7 | |
| 2010-11,2011-12 | കെഎസ്എ/കെഎൻആർ/സി5/ 770/19/13-06-19 | 9 | |
| 2012-13,2013-14 | കെഎസ്എ/കെഎൻആർ/സി5/ 770/19/13-06-19 | 19 | |
| 2014-15 | കെഎസ്എ/കെഎൻആർ/സി5/ 770/19/13-06-19 | 6 | |
| 2015-16 | കെഎസ്എ /കെഎൻആർ/സി5/ 770/19/13-06-19 | 9 | |
| 2016-17 | കെഎസ്എ/കെഎൻആർ5/770/19/ 13-06-19 | 6 | |
| 2017-18 | കെഎസ്എ/കെഎൻആർ/സി5/ 219/2019/14.03.2019 | | |
| 2018-19 | കെഎസ്എ/കെഎൻആർ/സി5/ 1674/19/13-06-2019 | 17 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Pappinissery Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 33159068.27 |
| Cash | Cash | RP-40(a) | 16822.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1924490.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9000.00 |
| 140000000 | Fees & User Charges | RP-4 | 1340330.00 |
| 150000000 | Sale & Hire Charges | RP-5 | 340386.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48163361.00 |
| 171000000 | Interest Earned | RP-9 | 1253121.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7368913.00 |
| 340000000 | Deposits Received | RP-34 | 28000.00 |
| 350000000 | Other Liabilities | RP-36 | 57148077.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 9038034.00 |
| 311000000 | Earmarked Funds | RP-29 | 7315.00 |
| 340000000 | Deposits Received | RP-34 | 188099.00 |
| 350000000 | Other Liabilities | RP-36 | 488030.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7390708.00 |
| 460000000 | Loans, Advances and Deposits | RP-47 | 3000.00 |
| | Grand total | | 167866754.27 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4519219.00 |
| 220000000 | Administrative Expenses | RP-12 | 1493814.00 |
| 230000000 | Operations & Maintenance | RP-13 | 1065529.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5137056.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 19778905.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 7479783.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 825574.00 |
| 254000000 | Expenditures of Transferred institutions and State | RP-19 | 657680.00 |

| | | | |
|---|---|---|---|
| | Sponsored Schemes | | |
| 255000000 | Maintenance Projects | RP-20 | 5692133.00 |
| 280000000 | Prior Period item | RP-26 | -152198.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3699999.00 |
| 340000000 | Deposits Received | RP-34 | 5000.00 |
| 350000000 | Other Liabilities | RP-36 | 63992492.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 311000000 | Earmarked Funds | RP-29 | 20000.00 |
| 340000000 | Deposits Received | RP-34 | 76094.00 |
| 350000000 | Other Liabilities | RP-36 | 3117112.00 |
| 410000000 | Fixed Assets | RP-38 | 6022740.00 |
| 412000000 | Capital work in Progress | RP-40 | 3746981.00 |
| 460000000 | Loans, Advances and Deposits | RP-47 | 817890.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 39784608.27 |
| Cash | Cash | RP-40(b) | 85694.00 |
| | Grand Total | | 167866754.27 |

## Annex3-2

## ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്

| Pappinissery Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 9037795.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 794977.00 |
| 140000000 | Fee & User Charges | I-4(b) | 1685730.00 |
| 150000000 | Sale & Hire Charges | I-5(b) | 340386.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 81712433.00 |
| 171000000 | Interest Earned | I-8 | 1253121.00 |
| 180000000 | Other Income | I-9 | 9038034.00 |
| | Total Income | | 103862476.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 14887157.00 |
| 220000000 | Administrative Expenses | I-11(b) | 1784014.00 |
| 230000000 | Operations & Maintenance | I-12(b) | 1065529.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7454356.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 29982147.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 7479783.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 825574.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 16994180.00 |
| 255000000 | Maintenance Projects | I-14(e) | 5692133.00 |
| 270000000 | Provisions and Write off | I-16 | 488.00 |
| 272000000 | Depreciation | I-17(a) | 7285361.00 |
| | Total Expenditure | | 93451371.00 |
| | Gross Surplus/ Deficit of income over Expenditure | | 10411105.00 |
| 280000000 | Prior Period Item | I-18 | -7765612.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 18176717.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| Pappinissery Grama Panchayat BALANCE SHEET as on 31-March-2020 | | | |
|---|---|---|---|
| Code.No. | Description of Items | Schedule No. | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 37661873.82 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 71554.00 |
| 312000000 | Reserves | B-3 | 49900992.00 |
| | Total Reserve & Surplus | | 87634419.82 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 1558917.00 |
| | Total Grants, Contributions for Specific Purposes | | 1558917.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1470361.65 |
| 350000000 | Other Liabilities | B-9 | 2739017.80 |
| | Total Current Liabilities and Provisions | | 4209379.45 |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 93402716.27 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 85767235.00 |
| 411000000 | Accumulated Depreciation | B-11 | -35753523.00 |
| 412000000 | Capital Work in Progress | B-11(a) | 2446402.00 |
| | Total Fixed Assets | | 52460114.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 40000.00 |
| | Total Investments | | 40000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 15590.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| | | | |
| 450000000 | Cash and Bank Balance | B-17 | 39870302.27 |
| 460000000 | Loans, Advances and Deposits | B-18 | 1016710.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 40902602.27 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 93402716.27 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.